# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.90/PR/PIC/PHQ/13 Date : 12.09.2013

## ആനയറ സംഭവം: മെഡിക്കല്‍ റിപ്പോര്‍ട്ടിന്റെ അടിസ്ഥാനത്തില്‍ തുടര്‍നടപടി

ഇക്കഴിഞ്ഞ സെപ്റ്റംബര്‍ നാലിന് ആനയറ വേള്‍ഡ് മാര്‍ക്കറ്റില്‍ ഹോര്‍ട്ടികോര്‍പ്പിന്റെ ജില്ലാ സംഭരണ കേന്ദ്രം ഉദ്ഘാടനത്തിനെത്തിയ മുഖ്യമന്ത്രിയെയും കൃഷിമന്ത്രിയെയും കരിങ്കൊടി കാണിക്കുകയും മുട്ടയെറിയുകയും ചെയ്തതുമായി ബന്ധപ്പെട്ടുണ്ടായ സംഘര്‍ഷത്തിനിടെ മെഡിക്കല്‍ കോളേജ് ടാഗോര്‍ ഗാര്‍ഡന്‍സില്‍ തോപ്പില്‍ പുതുവല്‍ പുത്തന്‍വീട്ടില്‍ ജയപ്രസാദ് എന്ന യുവാവിന് പോലീസ് മര്‍ദ്ദനമേറ്റെന്ന പരാതിയിന്‍മേല്‍ മെഡിക്കല്‍ റിപ്പോര്‍ട്ട് പോലീസിനു ലഭിച്ചു. ജയപ്രസാദിനെ മര്‍ദ്ദിച്ചുവെന്നും മര്‍മ്മഭാഗങ്ങളില്‍ പരിക്കേല്‍പ്പിച്ചുവെന്നുമുള്ള പരാതിയെത്തുടര്‍ന്ന് സംഭവത്തിലുള്‍പ്പെട്ട പൂന്തുറ സ്റ്റേഷനിലെ ഗ്രേഡ് എസ്.ഐ വിജയദാസിനെ സസ്പെന്റ് ചെയ്യുകയും ഐ.പി.സി 341, 323, 324, 506 (1), 34 വകുപ്പുകള്‍ പ്രകാരം പേട്ട പോലീസ് കേസെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതേത്തുടര്‍ന്നാണ് അന്വേഷണത്തിന്റെ ഭാഗമായി മെഡിക്കല്‍ ബോര്‍ഡിന് രൂപം നല്‍കിയത്. തിരുവനന്തപുരം മെഡിക്കല്‍ കോളേജിലെ സര്‍ജറി, യൂറോളജി വിഭാഗത്തിലെ വിദഗ്ധര്‍ അംഗങ്ങളായുള്ള മൂന്നംഗ മെഡിക്കല്‍ ബോര്‍ഡ് ഈ മാസം 10-ന് ജയപ്രസാദിനെ വിശദമായി പരിശോധിച്ചു. ജയപ്രസാദിന്റെ പൊതു ആരോഗ്യനില തൃപ്തികരമാണെന്നും ജനനേന്ദ്രീയത്തിന് ഏതെങ്കിലും തരത്തിലുള്ള ക്ഷതമോ മുറിവോ ഏറ്റതിന്റെ ലക്ഷണങ്ങളില്ലെന്നും പരിശോധന റിപ്പോര്‍ട്ട് പറയുന്നു. അതേസമയം, നെഞ്ച്, മുതുക്, വലതുതോള്‍, വയറിന്റെ താഴെഭാഗം എന്നിവിടങ്ങളില്‍ ക്ഷതമേറ്റതായി പരിശോധനയില്‍ കാണുന്നുണ്ടെന്നും റിപ്പോര്‍ട്ട് പറയുന്നു.

മെഡിക്കല്‍ റിപ്പോര്‍ട്ടിന്റെ അടിസ്ഥാനത്തില്‍ കേസില്‍ തുടര്‍നടപടികള്‍ കൈക്കൊള്ളുമെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചു.

അന്യായമായി സംഘം ചേര്‍ന്ന് ഔദ്യോഗികകൃത്യ നിര്‍വഹണം തടസ്സപ്പെടുത്തിയതിന് ഐ.പി.സി 143, 147, 149, 283, 353, 188 പി.ഡി.പി.പി ആക്റ്റ് 3(1) എന്നീ വകുപ്പുകള്‍ പ്രകാരം ജയപ്രസാദിനെതിരെയും കേസെടുത്തിട്ടുണ്ട്.


The contents of this document may be deemed to be based on received information which is subject to further verification